പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :4276 — 12. 11. 2019 ൽ മറുപടിക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വൈദ്യുതി ബോർഡിന്റെ സംഭാവന

ചോദ്യം

ശ്രീ.സണ്ണി ജോസഫ്

ഉത്തരം

എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 2019ആഗസ്റ്റിലെ പ്രളയ ദുരന്ത ബാധിതർക്ക് സഹായം എത്തിക്കുവാൻ വൈദ്യുതി ബോർഡ് ജീവനക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയിരുന്നോ; എങ്കിൽ എത്ര തുകയാണ് സംഭാവനയായി നൽകിയതെന്ന് വ്യക്തമാക്കുമോ; | (എ) 2019 ആഗസ്റ്റിലെ പ്രളയ ദുരിത ബാധിതർക്ക് സഹായം എത്തിക്കുവാൻ വൈദ്യുതി ബോർഡ് ജീവനക്കാരിൽ നിന്നും ഒരു ദിവസത്തെ വേതനം സംഭാവനയായി നൽകുവാനാണ് തീരുമാനിച്ചത്. |
| (ബി) ഇപ്രകാരം ലഭിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് എന്നാണ് നൽകിയത്; | (ബി) കേരളമൊട്ടാകെയുള്ള ഓഫീസുകളിലെ ജീവനക്കാരുടെ വേതനത്തിൽ നിന്നും കിഴിവു വരുത്തിയ തുകകളുടെ കണക്കെടുപ്പ് പൂർത്തിയാകുന്നമുറയ്ക്ക് തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറുന്നതാണ്. |
| (സി) 2018-ലെ പ്രളയ സഹായമായി വൈദ്യുതി ബോർഡ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക നൽകിയിരുന്നോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ; | (സി) 2018 ലെ പ്രളയസഹായമായി വൈദ്യുതി ബോർഡ് ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത 124.73 കോടി രൂപയും, പെൻഷൻകാരിൽ നിന്നും പിരിച്ചെടുത്ത 20.54 കോടി രൂപയും, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വകയായി 35 കോടി രൂപയും നൽകിയിട്ടുണ്ട്. |
| (ഡി) 2019-ലെ പ്രളയത്തിൽ ബോർഡിന്റെ സഹായമായി ദുരിതാശ്വാസ നിധിയിലേക്ക് എത്ര തുകയാണ് സംഭാവന നൽകിയതെന്ന് വെളിപ്പെടുത്താമോ? | (ഡി) 2019 ലെ പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി പിരിച്ചെടുത്ത തുക കണക്കെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ